(സി) കമ്പോള ഇടപെടലിനായി സർക്കാരിൽനിന്ന് ധനസഹായം ലഭിക്കുന്നുണ്ടോ; കാലാകാലങ്ങളിൽ കോർപ്പറേഷൻ ആവശ്യപ്പെട്ട തുക നൽകുകയുണ്ടായോ; ഇല്ലെങ്കിൽ കടിശ്ശിക എത്ര;

(ഡി) സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി കോർപ്പറേഷന്റെ ചില്ലറ വില്പന കേന്ദ്രങ്ങൾ പൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിപണിയിടപെടൽ പദ്ധതിമൂലമാണ് സപ്ലൈകോയ്ക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടായത്.

(സി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സപ്ലൈകോയ്ക്ക് വിപണിയിടപെടൽ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഇല്ല.

സിവിൽ സപ്ലൈസിൽ സബ്സിഡി നിരക്കിൽ സാധനങ്ങൾ

203(3087) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ആരംഭത്തിൽ സിവിൽ സപ്ലൈസ് വില്പന കേന്ദ്രങ്ങൾ വഴി എത്ര സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയിരുന്നു എന്ന് അറിയിക്കാമോ; ആയതിനായി എത്ര തുക ചെലവാക്കിയിരുന്നു;

(ബി) നിലവിൽ എത്ര സാധനങ്ങൾ ഇതേ രീതിയിൽ സബ്സിഡി നിരക്കിൽ നൽകുന്നുണ്ടെന്ന് അറിയിക്കുമോ; അതിനായി എത്ര തുക ചെലവാക്കുന്നുണ്ട്;

(സി) പ്രസ്തുത കേന്ദ്രങ്ങൾവഴി വില്പന നടത്തുന്ന ഉല്പന്നങ്ങളുടെ വില ഒരു കാലഘട്ടത്തിൽ എത്രത്തോളം വർദ്ധിപ്പിച്ചു എന്ന് പറയുമോ;

(ഡി) വില്പനയ്ക്കായുള്ള ഉല്പന്നങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ആയതിന്റെ ഘടനയിൽ ചെറുകിട വൻകിട എന്ന വ്യത്യാസം എത്രമാത്രം വരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഉഴുന്ന് ബോൾ, ഉഴുന്ന് പിളർന്നത്, വൻപയർ, തുവര പരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പഞ്ചസാര, മട്ട അരി, പച്ചരി, ബോധന അരി എന്നിവയായിരുന്ന സപ്ലൈകോയുടെ ഔട്ട്ലൈറ്റുകൾവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നത്. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽനിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ സബ്സിഡി സാധനങ്ങൾ പുനർനിർണ്ണയിച്ചിരുന്നു. 13 ഇനം സാധനങ്ങളാണ് സബ്സിഡി ഇനത്തിൽ വിൽപ്പന നടത്തുന്നത്. 2010-11 മുതൽ വിപണി ഇടപെടലിനായി സപ്ലൈകോ ചെലവഴിച്ച തുകയുടെയും സർക്കാർ നൽകിയ ധനസഹായത്തിന്റെയും വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർക്കുന്നു. 1-12-2014 മുതൽ ഏതാനും സബ്സിഡി സാധനങ്ങളുടെ വില കുറച്ചിട്ടുണ്ട്.*

(ഡി) സപ്ലൈകോയിലൂടെ വിറ്റഴിക്കുന്നതിനായി ആവശ്യമായ ഉൽപ്പന്നങ്ങൾ ഔട്ട് ലെറ്റ് മാനേജർമാർ അതാത് സ്ഥലത്തെ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ഇൻഡന്റ് തയ്യാറാക്കുകയും ഡിപ്പോ തലത്തിൽ ക്രോഡീകരിച്ച്, ഡിപ്പോ തലത്തിൽ വാങ്ങുന്നവർക്ക് അവിടെ നടക്കുന്ന DMC-യുടെ അംഗീകാരത്തോടെ വാങ്ങുകയും ഹെഡ് ഓഫീസ് തലത്തിൽ പർച്ചെയ്സ് ഓർഡർ നൽകുന്നവയുടെ ഇൻഡന്റ് ഹെഡ് ഓഫീസിൽ നൽകുകയുമാണ് ചെയ്യുന്നത്. ഹെഡ് ഓഫീസ് തലത്തിലും ഡിപ്പോ തലത്തിലും ഔട്ട്ലെറ്റ് മാനേജർമാരുടെ ആവശ്യകതയനുസരിച്ച് വൻകിട ചെറുകിട വ്യത്യാസമില്ലാതെയാണ് ഉത്പന്നങ്ങൾ തെരഞ്ഞെടുക്കുന്നത്.

മിനറൽ വാട്ടറിന്റെ ഗുണനിലവാരം

204(*T 3088) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും ദേവസ്വവും കുടുംബക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന്, ഏത് വകുപ്പിനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു